കങ്ങൾ കയററുമതിചെയ്യുന്ന ജനതയായി മാറുവാൻ നമുക്കു കഴിവു കൈവന്നുകൂടെന്നില്ല.

സർക്കാരിനും—കേന്ദ്രസർക്കാരിനും സ്റ്റേററ്സർക്കാരുകൾക്കും— ഉദ്ബുദ്ധമായ ഒരു 'പുസ്തകനയം' ഉണ്ടായെങ്കിൽ മാത്രമേ അഭിലഷണീയമായ ഈ പരിവർത്തനം സംഭവിക്കുകയുള്ളൂ.

(26 ജനുവരി, 1984)

# 67. എസ്കിമോ ദേശീയത

അത്യന്തം ശക്തമായ ഒരു മൗലികവികാരമത്രെ ദേശീയബോധം. പല ഭരണകൂടങ്ങൾക്കു കീഴിൽ, വ്യത്യസ്തങ്ങളായ പരിതഃസ്ഥിതികളിൽ, പുലരുന്ന ജനവിഭാഗങ്ങളെ ദേശീയബോധം ഏകീകരിക്കുന്നു. നഷ്ടപ്പെട്ടുപോയ സ്വന്തം അസ്മിത (ഐഡൻറിററി) വീണ്ടെടുക്കുന്നതിന്റെ ആദ്യപടി തങ്ങളുടേതായ സ്വതന്ത്ര ഭരണസംവിധാനം പടുത്തുയർത്തുകയാണെന്നു ദേശീയബോധം ഈ ജനവിഭാഗങ്ങളെ പഠിപ്പിക്കുന്നു. ദേശീയബോധം വേരുറച്ചുകഴിയുന്നതോടെ, സ്വയം തിരഞ്ഞെടുത്ത സാമൂഹ്യലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി എത്ര വലിയ ത്യാഗം അനുഷ്ഠിക്കുന്നതിനും ജനങ്ങൾ തയ്യാറാകുന്നു. നിശ്ചിതസങ്കേതത്തിൽച്ചെന്നു സ്വന്തം ഭാഗധേയവുമായി സന്ധിക്കുന്നതിന് ഒരുങ്ങിപ്പുറപ്പെട്ട ദേശീയ ജനവിഭാഗങ്ങളെ തടഞ്ഞുനിർത്തുക, പിന്നീട്, ഏതു ശക്തിക്കും അസാദ്ധ്യമായിത്തീരുന്നു.

ഉത്തരധ്രുവത്തിനു ചുററുമായി ഒരു ലക്ഷത്തോളം എസ്കിമോകൾ പാർക്കുന്നുണ്ട്. ഇവരിൽ നാല്പതിനായിരത്തോളം ആളുകൾ വസിക്കുന്നതു് ഗ്രീൻലാൻഡിലാണ്. 1380—ാമാണ്ടുമുതൽ ഡന്മാർക്കിന്റെ ഒരു കോളനിയായി ഗണിക്കപ്പെട്ടിരുന്ന ഗ്രീൻലാൻഡ് 1953—ൽ ഡന്മാർക്കിന്റെ ഒരു സംസ്ഥാനം (പ്രോവിൻസ്) ആയി. 8,40,000 ച. മൈൽ വിസ്താരമുണ്ട് ഗ്രീൻലാൻഡിനു്. മുപ്പതിനായിരത്തോളം എസ്കിമോകൾ പാർത്തുവരുന്ന അലാസ്ക, 1867—ൽ ഏഴുപത്തിരണ്ടു ലക്ഷം ഡോളറിനു് റഷ്യയോട് അമേരിക്കൻ ഐക്യനാടുകൾ തീറു വാങ്ങിയ 5,86,400 ച. മൈൽ വലിപ്പമുള്ള ഒരു ഭൂഭാഗമാകുന്നു. 1959—ൽ അലാസ്ക അമേരിക്കൻ ഐക്യനാടുകളിലെ 49—ാമത്തെ സ്റ്റേററ് ആയി. ഇരുപത്തയ്യായിരത്തോളം എസ്കിമോകൾ കാനഡയുടെ വടക്കുഭാഗങ്ങളിൽ പാർക്കുന്നവരാണ്. സോവിയററ്യൂണിയനിൽപ്പെട്ട സൈബീരിയയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ അയ്യായിരത്തോളം എസ്കിമോകൾ താമസിക്കുന്നു.

'എസ്കിമോ' എന്നതു് ഒരു അമേരിന്ത്യൻ വാക്കാണ്. 'പച്ചയിറച്ചി തിന്നുന്നവൻ' എന്നാണ് ആ വാക്കിനർത്ഥം. 'ഇനുയിററ്' അല്ലെങ്കിൽ 'യൂയിററ്' എന്ന വാക്കാണ്, തങ്ങളെപ്പററി പറയുമ്പോൾ, എസ്കിമോകൾ ഉപയോഗിക്കുന്നതു്. 'ജനങ്ങൾ' എന്നാണ് ആ വാക്കുകൾക്ക് അർത്ഥം. 'ഇനുയിററ്' ഭാഷയ്ക്കു് യൂപിക്, ഇനുപിയാക്, ഗ്രീൻലാൻഡിക്, ഇനുക്തിതുത് മുതലായി പല ഉപഭാഷകളുണ്ട്. എങ്കിലും സൈബീരിയയിലും അലാസ്കയുടെ തെക്കെ അററത്തും പ്രചരിക്കുന്ന ഉപഭാഷകൾക്കു മാത്രമേ മുഖ്യഭാഷയിൽനിന്നു ഗണ്യമായ വ്യത്യാസമുള്ളൂ. സാഹിത്യഭാഷയെന്ന നിലയിൽ 'ഇനുയിററ്' ഭാഷ ഇനിയും വികസിച്ചിട്ടില്ല; അതിനു സ്വന്തമായ ഒരു ലിപിയുമില്ല.

പതിനായിരത്തിലേറെ വർഷങ്ങൾക്കുമുമ്പ് ഏഷ്യയിൽനിന്നു പുറപ്പെട്ട് സൈബീരിയയിലൂടെ ധ്രുവപ്രദേശത്തെത്തി പാർപ്പുറപ്പിച്ചവരാണ് തവിട്ടുനിറക്കാരായ എസ്കിമോകൾ എന്നു കരുതപ്പെടുന്നു. അക്കാലത്ത് ബെറിങ് കടലിടുക്ക് കരയായിരുന്നു. പുതിയ പ്രദേശത്ത്, അലാസ്കയായിരുന്നു അവരുടെ മൂലസ്ഥാനം. ഏറെക്കുറെ അയ്യായിരം വർഷംമുമ്പ് അലാസ്കയിൽനിന്നു വലിയൊരു കുടിയേറ്റപ്രവാഹം ഗ്രീൻലാൻഡിലേക്കുണ്ടായി. പിന്നീടു മറ്റൊരു കുടിയേറ്റപ്രവാഹമുണ്ടായതു് ആയിരത്തിരുന്നൂറു വർഷങ്ങൾ മുമ്പാണ്. ഇവർ ഗ്രീൻലാൻഡിലെത്തുമ്പോഴേക്കും, മുമ്പ് അവിടെ കുടിയേറിപ്പാർത്തിരുന്നവർ അപ്രത്യക്ഷരായിക്കഴിഞ്ഞിരുന്നു. ഈ രണ്ടാമത്തെ കുടിയേറ്റക്കാരാണ് ഇന്നു കാണുന്ന എസ്കിമോകളുടെയെല്ലാം പൂർവികർ. ഗ്രീൻലാൻഡിൽ വച്ച്, ക്രിസ്തുവർഷം പന്ത്രണ്ടാം ശതകത്തിൽ എസ്കിമോകൾ നോർവേയിലെ വൈക്കിങ്ങുകളുമായി സമ്പർക്കത്തിലേർപ്പെട്ടു. അവർ ആദ്യമായി കണ്ട യൂറോപ്യന്മാർ വൈക്കിങ്ങുകളായിരുന്നു. ക്രിസ്തുവർഷം പതിനാറാം നൂറ്റാണ്ടുമുതൽ കൂടുതൽക്കൂടുതൽ യൂറോപ്യന്മാർ എസ്കിമോപ്രദേശങ്ങൾ സന്ദർശിച്ചുതുടങ്ങി. റഷ്യക്കാർ അലാസ്കയിലെത്തിയതു് പതിനെട്ടാം നൂറ്റാണ്ടിലാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്പിൽ തിമിംഗലവേട്ടക്കാരും രോമത്തോൽക്കച്ചവടക്കാരും എസ്കിമോ പ്രദേശങ്ങളിലേക്കു തള്ളിക്കയറ്റം ആരംഭിച്ചു.

അതിസരളമായ ഒരു ജീവിതരീതിയാണ് അന്നോളം എസ്കിമോകൾ പുലർത്തിവന്നതു്. ധ്രുവപ്രദേശങ്ങളിലെ അതിശൈത്യത്തിൽ, മിക്കപ്പോഴും മൈനസ് 20 ഡിഗ്രി ഫാരൻഹൈറ്റ് താപനിലയിൽ, ആഞ്ഞടിക്കുന്ന ഹിമക്കൊടുങ്കാറ്റുകളേറ്റ്, അവർ വേട്ടയാടിയും മീൻപിടിച്ചും നടന്നു. ആണ്ടിൽ രണ്ടോ, മൂന്നോ മാസങ്ങളിൽ മാത്രമേ അവിടെ ഹിമം ഉരുകി വെള്ളമായിരുന്നുള്ളു. സ്ഥിരമായി മരവിച്ച പുല്ലുപോലും മുളയ്ക്കാത്ത മണ്ണിൽ കൃഷി സാദ്ധ്യമായിരുന്നില്ല. ലോഹങ്ങളെപ്പറ്റി അവർ അറിഞ്ഞിരുന്നേയില്ല. കടലിൽ വല്ലപ്പോഴും ഒഴുകിവരുന്ന മരക്കഷണങ്ങളും കല്ലും എല്ലുമായിരുന്നു അവരുടെ ആയുധങ്ങൾ. എങ്കിലും, ഈ പരിതഃസ്ഥിതിയിലും അവർ കാര്യക്ഷമമായി, പലപ്പോഴും സുഖഭോഗസമ്പന്നമായിത്തന്നെ ജീവിച്ചു. അവർ പച്ചമാംസം തിന്നു. തോലുപയോഗിച്ചു വസ്ത്രങ്ങളും, വേനൽക്കാലത്തു പാർക്കാനുള്ള കൂടാരങ്ങളും, തോണികളും, കയറുകളും ഉണ്ടാക്കി. കുഴഞ്ഞ മണ്ണുകൊണ്ടോ, മഞ്ഞുകൊണ്ടോ നിർമിച്ച, 'ഇഗ്ളൂ' എന്നു വിളിക്കപ്പെടുന്ന, വീടുകളിൽ കൂട്ടുകുടുംബങ്ങളായി പാർത്തു. ആദ്യകാലത്ത് എസ്കിമോകൾ വളർത്തിയ ഒരേ ഒരു മൃഗം നായ ആയിരുന്നു. നായ അവരുടെ ചക്രമില്ലാത്ത വണ്ടികൾ (സ്ളെഡ്) ഉറഞ്ഞുകൂടിയ മഞ്ഞിനു മുകളിലൂടെ വലിച്ചു; അവരുടെ ഭാരം ചുമന്നു; 'കരിബു' എന്ന വലിയ ഇനം ധ്രുവമാനുകളെയും ധ്രുവക്കരടികളെയും കസ്തൂരിക്കാളകളെയും സീൽമത്സ്യങ്ങളെയും തിമിംഗലങ്ങളെപ്പോലും, വേട്ടയാടുന്നതിൽ അവരെ സഹായിക്കുകയുംചെയ്തു.

എസ്കിമോ ജീവിതരീതിയെപ്പറ്റി ഒട്ടേറെ പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. പച്ചമാംസം, പലപ്പോഴും ചീഞ്ഞുതുടങ്ങിയ മാംസം, തിന്നുന്ന എസ്കിമോകളെ പലരും 'പ്രാകൃതർ' എന്നു് ആക്ഷേപിച്ചു. സ്വന്തം ഭാര്യമാരെ അതിഥികൾക്ക് അവർ വിട്ടുകൊടുക്കുന്നു എന്നതിലായിരുന്നു മറ്റു ചിലരുടെ ആക്ഷേപം. തങ്ങൾക്കു വളർത്താൻ കഴിയാത്ത പിഞ്ചുകുട്ടികളെയും പടുവൃദ്ധന്മാരെയും അവർ ഹിമപ്പരപ്പിൽ മരിക്കാൻ വിട്ടിരുന്നതു് ആക്ഷേപവിഷയമായി. എന്നാൽ, ധ്രുവപ്രദേശങ്ങളുടെ നിഷ്ഠുര ഭീഷണതയെപ്പറ്റി അറിഞ്ഞവരെല്ലാം അവരുടെ ഈ 'ദുരാചാര'ങ്ങളുടെ സാംഗത്യം പിൽക്കാലത്തു സമ്മതിച്ചിട്ടുണ്ട്. മാത്രമല്ല,

സ്നേഹം, സൗഹാർദം, സാഹോദര്യം, സമത്വം മുതലായ വികാരങ്ങൾ എസ്കിമോകൾക്കിടയിലെന്നപോലെ മററൊരു ജനവിഭാഗത്തിനിടയിലും വളർന്നു വേരൂന്നുകയുണ്ടായിട്ടില്ലെന്ന് അഭിപ്രായപ്പെടുന്നവരും കുറവല്ല. അദ്ധ്വാനത്തിന്റെയും ഔദാര്യത്തിന്റെയും സൗമ്യതയുടെയും കാര്യത്തിൽ എസ്കിമോകളെ അതിശയിക്കുന്ന മററൊരു ജനവിഭാഗമില്ല.

പത്തൊമ്പതാം നൂററാണ്ടിൽ യൂറോപ്യന്മാർ ധ്രുവപ്രദേശങ്ങളിൽ കൂട്ടമായി എത്തിയതോടെ എസ്കിമോകളുടെ ഈ ജീവിതസമ്പ്രദായം അട്ടിമറിഞ്ഞു. യൂറോപ്യൻ യജമാനന്മാരുടെ കീഴിൽ വേലയെടുത്തും അവർക്കു രോമത്തോലും മററും വിററും ലഭിച്ച പണം എസ്കിമോകൾ ഉപയോഗപ്പെടുത്തിയതു് പാശ്ചാത്യപരിഷ്കാരത്തിന്റെ സംഭാവനയായ റൈഫിളുകൾപോലെയുള്ള മാരകായുധങ്ങളും മദ്യവും പുകയിലയും മററും വാങ്ങാനാണു്. കണക്കററു നടത്തിയ വേട്ട അവരുടെ ഭക്ഷണലഭ്യതയിൽ സാരമായ കുറവു വരുത്തി. പ്രകൃത്യാരാധനയിലും പ്രേതാരാധനയിലും കോമരങ്ങളുടെ വെളിപാടുകളിലും വേരൂന്നിയിരുന്ന പ്രാകൃതമതം വിട്ടു് അവർ ക്രിസ്തുമതത്തിന്റെ ബാഹ്യാചാരങ്ങൾ സ്വീകരിച്ചു. ഒരു ജനതയെന്ന നിലയിൽ ആത്മാഭിമാനത്തോടെ അവരെ നിലനിർത്തിപ്പോന്ന സംസ്കാരവും സവിശേഷ ജീവിതരീതിയും അതിവേഗത്തിൽ അപ്രത്യക്ഷമായി. എസ്കിമോകളുടെ കലകളും കൈത്തൊഴിലുകളും ക്ഷയിച്ചു. യൂറോപ്യന്മാരുമായി സമ്പർക്കത്തിലേർപ്പെട്ടതിനെത്തുടർന്നു സാർവത്രികങ്ങളായിത്തീർന്ന ലൈംഗികരോഗങ്ങളും, വസൂരി, അഞ്ചാംപനി, ഫ്ളൂ, പോളിയോ, ക്ഷയം മുതലായ മററു നിരവധി രോഗങ്ങളും അവരുടെ എണ്ണത്തിൽ സാരമായ കുറവു വരുത്തി. എസ്കിമോവംശം പൂർണമായും കുററിയററുപോകുമോ എന്നുതന്നെ പലരും ഭയപ്പെട്ടുതുടങ്ങി. ഭാഗ്യവശാൽ 1950–നു ശേഷം, ആരോഗ്യസേവനത്തുറകളിൽ വന്ന അഭിവൃദ്ധിയുടെ ഫലമായി, ഈ സ്ഥിതി പാടേ മാറിയിട്ടുണ്ടു്. ഇപ്പോൾ എസ്കിമോകളുടെ ജനസംഖ്യയിൽ ആണ്ടിൽ രണ്ടു ശതമാനം വീതം വർദ്ധനയുണ്ടത്രേ. അവർ അംഗങ്ങളായ രാഷ്ട്രങ്ങളുടെ ശരാശരി ജനവർദ്ധനയെക്കാൾ കൂടുതലാണിതു്.

എസ്കിമോകൾ വർഗനാശഭീഷണിയിൽനിന്നു രക്ഷപ്പെട്ടിട്ടുണ്ടെങ്കിലും, അവരുടെ പഴയ എളിയ സംസ്കാരത്തിനു് അധൃഷ്യമായ പാശ്ചാത്യസംസ്കാരത്തിന്റെ മുമ്പിൽ അടിയറവു പറഞ്ഞു പിന്മാറുകയല്ലാതെ മററൊരു ഗതിയുമില്ലെന്ന വിശ്വാസമാണു് അടുത്ത കാലംവരെ നിലവിലിരുന്നതു്. 1960–നു ശേഷം ഈ നിലയിൽ അല്പം വ്യത്യാസം വന്നിട്ടുണ്ടു്. വമ്പിച്ച ഭൂവിഭാഗങ്ങൾക്കു് ഉടമകളായിരുന്നുവെങ്കിലും, എസ്കിമോകൾ പൊതുവേ ദാരിദ്ര്യത്തിന്റെ അടിത്തട്ടിൽ ആഴ്ന്നുപോയിരുന്നു. അലാസ്കയിൽനിന്നു് എണ്ണ കുഴിച്ചെടുക്കാൻ തുടങ്ങിയതോടെ, ആ പ്രദേശത്തെ എസ്കിമോകൾക്കു സമ്പൽസമൃദ്ധി കൈവരുവാൻ തുടങ്ങി. സൈബീരിയയിലെ എസ്കിമോകൾ കരിബു എന്ന ധ്രുവമാനുകളെ വളർത്തിയും മററും സോവ്യററ് സമ്പദ്ഘടനയുമായി പൊരുത്തപ്പെട്ടു ജീവിക്കുവാനാരംഭിച്ചു. കാനഡയിലും ഗ്രീൻലാൻഡിലും പാർക്കുന്ന എസ്കിമോകൾ നിലനില്പിനു് അതാതു സർക്കാരുകളുടെ സഹായത്തെയാണു മുഖ്യമായും അവലംബിക്കുന്നതു്.

സഹസ്രാബ്ദങ്ങളായി തങ്ങൾ കുടിപാർത്തുവരുന്ന ധ്രുവമേഖലകളിൽ അടുത്തകാലത്തു് ഉണ്ടായിവരുന്ന ത്വരിതമായ വ്യാവസായിക വികസനം ചിന്തിക്കുന്ന എസ്കിമോകളെ അമ്പരപ്പിച്ചിട്ടുണ്ടു്. ഈ പ്രദേശത്തിലെ അതിശൈത്യകാലാവസ്ഥയിൽ മനുഷ്യജീവിതം നില

നിൽക്കുന്നതിനു് അനുപേക്ഷണീയമായ പ്രകൃതിസന്തുലനം തകർന്നുവരുന്നതിൽ അവർ ആശങ്കാകുലരാണു്.

എസ്കിമോകരം ഒരൊററ ജനതയാണെന്നും, ആ നിലയിൽ അവർ പല ഭരണകൂടങ്ങരംക്കു കീഴിൽ ചിതറിക്കിടന്നുകൂടെന്നുമുള്ള ബോധവും അവർക്കിടയിൽ വേരൂന്നിവരുന്നുണ്ടു്. സോവ്യററ് യൂണിയനിലെ എസ്കിമോകളിൽ ഇത്തരമൊരു ദേശീയ നവോത്ഥാനം വളർന്നുവരുന്നുണ്ടോ എന്നറിഞ്ഞുകൂടാ. എന്നാൽ, കാനഡയിലും അമേരിക്കൻ ഐക്യനാടുകളിലും (അലാസ്കയിലും), ഡെന്മാർക്കിലും (ഗ്രീൻലാൻഡ്) ഉള്ള എസ്കിമോകരം അവരുടേതായ ജാതീയസംഘടനകരം രൂപവല്ക്കരിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടു് 'ഇനുയിററ് പരിതോ ധ്രുവസമ്മേളനം' (സർകം പോളാർ കോൺഫ്രൻസ്) എന്ന ഒരു കേന്ദ്രസംഘടന ആറു വർഷമായി പ്രവർത്തിച്ചുവരുന്നു. എസ്കിമോകളുടെ ഹൃദയങ്ങളിൽ ആത്മവിശ്വാസവും, ഭാവിഭാഗധേയത്തെപ്പററി പ്രതീക്ഷയും വളർത്തുന്നതിൽ ഈ സംഘടനകരം നിർണായകമായ പങ്കു വഹിക്കുന്നുണ്ടത്രേ. കേന്ദ്രസംഘടനയുടെ സമ്മേളനം കാനഡയിലെ വടക്കു പടിഞ്ഞാറൻ പ്രദേശത്തു് 'ഫ്രോബിഷർ ബേ' എന്ന ചെറു നഗരത്തിൽ ഒരു ഹൈസ്കൂളിൽ ഈയിടെ ചേരുകയുണ്ടായി. (ന്യൂയോർക്ക് ടൈംസിൽ പ്രസിദ്ധീകരിച്ചിരുന്ന ഈ സമ്മേളനത്തിന്റെ റിപ്പോർട്ട് സെപ്തംബർ 12–ലെ 'ഹിന്ദു' പത്രത്തിൽ ഉദ്ധരിച്ചിരുന്നു.)

ഒരാഴ്ചയോളം കൂടിയാലോചിച്ചശേഷം ഈ സമ്മേളനത്തിൽ പങ്കെടുത്ത എസ്കിമോ പ്രതിനിധികരം കാനഡ, അമേരിക്ക, ഡെൻമാർക്ക്, സോവ്യററ്യൂണിയൻ എന്നീ ഗവണ്മെൻറുകളുടെ മുമ്പിൽ താഴെ പറയുന്ന ആവശ്യങ്ങരം സമർപ്പിച്ചു:

1. ധ്രുവപ്രദേശം അണ്വായുധ വിമുക്ത മേഖലയാണെന്നു് ഈ ഗവണ്മെൻറുകരം പ്രഖ്യാപിക്കണം.

2. നായാട്ടിലൂന്നിയ എസ്കിമോകളുടെ ജീവിതചര്യക്കു വിഘാതമുണ്ടാക്കുന്ന വികസനപ്രവർത്തനങ്ങരം എസ്കിമോപ്രദേശങ്ങളിൽ നടപ്പിലാക്കിക്കൂടാ. നടപ്പിലാക്കുവാൻ ഏതെങ്കിലും ഗവണ്മെൻറ് ശ്രമിക്കുന്നപക്ഷം അതു തടയുന്നതിനുള്ള അധികാരം എസ്കിമോകരംക്കു് ഉണ്ടായിരിക്കണം.

3. 'എസ്കിമോ കലാവസ്തുക്കരം' എന്ന പേരിൽ ഇപ്പോരം വിററഴിയുന്ന കൃത്രിമകലാവസ്തുക്കരം കൃത്രിമങ്ങളാണെന്നു പ്രഖ്യാപിക്കണം.

4. സീൽമത്സ്യം, തിമിംഗലം എന്നിവയെ വേട്ടയാടുന്നതിൽ, ധ്രുവപ്രദേശത്തിനു പുറത്തുള്ളവർ ചുമത്തുന്ന നിയന്ത്രണങ്ങരം എസ്കിമോകരംക്കു ബാധകമാക്കിക്കൂടാ.

എസ്കിമോ ജീവിതരീതിക്കുമേൽ യൂറോപ്യൻ വ്യാവസായിക സഭ്യത നടത്തുന്ന കടന്നാക്രമണത്തിനെതിരേ എത്രതന്നെ പ്രതിഷേധിച്ചാലും, ഈ ആക്രമണത്തെ എസ്കിമോ സഭ്യത അതിജീവിക്കുകയെന്നതു് ഏറെക്കുറെ അസംഭാവ്യമാണെന്നു 'ന്യൂയോർക്ക് ടൈംസ്' പത്രം കരുതുന്നു. എസ്കിമോകരം പൊതുവേ തോലുടുപ്പുകരം ഉപേക്ഷിച്ചു്, പാശ്ചാത്യരുടെ വസ്ത്രം ധരിച്ചുതുടങ്ങിയിരിക്കുന്നു. പച്ചമാംസം തിന്നുന്നതു നിർത്തലാക്കി അവർ പാശ്ചാത്യനാടുകളിൽനിന്നു ടിന്നിലടച്ചു് അയയ്ക്കുന്ന ഭക്ഷ്യവസ്തുക്കരം ഉപയോഗിച്ചുവരുന്നു. അമിതമായി പഞ്ചസാര ആഹരിച്ചു് അവരുടെ പല്ലുകരം ചെറുപ്പത്തിൽത്തന്നെ ദ്രവിച്ചുപോയിത്തുടങ്ങിയിരിക്കുന്നു. നായ്ക്കരം വലിക്കുന്ന സ്ളെഡ്ജുകളിലല്ല, വെള്ളക്കാരായ ഡ്രൈവർമാർ ഓടിക്കുന്ന ടാക്സികളിലാണു് ഇപ്പോരം അവർ സഞ്ചരിക്കുന്നതു്. ചളികൊണ്ടോ, കുഴമണ്ണുകൊണ്ടോ ഉണ്ടാക്കിയ ഇഗ്ലൂകളും

തോൽകൊണ്ടുണ്ടാക്കിയ കൂടാരങ്ങളും വിട്ട് അവർ അതതു സർക്കാരുകൾ നിർമിച്ചുകൊടുത്ത വീടുകളിലേക്കു താമസം മാററിയിരിക്കുന്നു.

എസ്കിമോകളുടെ ആറാം അന്താരാഷ്ട്രീയ സമ്മേളനം നടന്ന ഫ്രോബിഷർബേ നഗരത്തിൽ ആകെയുള്ള രണ്ടായിരത്തഞ്ഞൂറു പൗരന്മാരിൽ എഴുപതു ശതമാനവും എസ്കിമോകളാണ്. ഇവരിൽ ഭൂരിപക്ഷത്തിനും തൊഴിലില്ല. സർക്കാർ നല്കുന്ന തൊഴിലില്ലായ്മവേതനം വാങ്ങിയാണ് ഇവർ ജീവിക്കുന്നത്. അതേസമയം, ഈ നഗരത്തിൽ ആകെയുള്ള രണ്ടു ഹോട്ടലുകളിലെ ക്ലാർക്കുമാരും, വാതിൽകാവല്ക്കാരും, സപ്ളയർമാരും, പാചകരും, വെയ്ട്രസ്സുമാരും, എല്ലാം യൂറോപ്യൻ കാനഡക്കാരാണ്; തൂപ്പുകാരികൾ മാത്രമേ എസ്കിമോകളായുള്ളു. നഗരസഭയിലെ മേയറും യൂറോപ്യൻതന്നെ. സമ്പാദ്യമുണ്ടാക്കുന്ന ഏതെങ്കിലും പണിയെടുക്കുന്നതിൽ എസ്കിമോകൾ വിമുഖരാണ്. കഴിഞ്ഞ ഇരുപത്തെട്ടു വർഷമായി ഈ ചെറുനഗരത്തിൽ പ്രവർത്തിച്ചു വരുന്ന ഹൈസ്കൂളിൽ ചേർന്ന എസ്കിമോ കുട്ടികളിൽ എൺപതു ശതമാനവും ഇടയ്ക്കുവച്ചു പൊഴിഞ്ഞുപോയി. സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസം, കഴിഞ്ഞ ആണ്ടിൽ, എട്ട് എസ്കിമോ കുട്ടികൾ പൂർത്തിയാക്കി. ഇതൊരു സർവ്വകാല റിക്കാർഡായിരുന്നു! നഗരത്തിലുള്ള അഞ്ചു കടകളും യൂറോപ്യന്മാരുടേതാണ്. ഫ്രോബിഷർബേ നഗരത്തിൽ എസ്കിമോകൾ അദ്ധ്വാനിച്ചു പണം നേടുന്നുണ്ടെങ്കിൽ അതു് അവിടെ വന്നെത്തുന്ന യൂറോപ്യന്മാർക്കു ഭൃത്യവേലയനുഷ്ഠിച്ചു മാത്രമാണ്.

എസ്കിമോകുട്ടികൾ സ്കൂളുകളിൽ പഠിക്കുന്നില്ലെങ്കിൽ, അവരെ സ്കൂളിൽ നിർത്തി പഠിപ്പിക്കാൻ എന്താണു മാർഗം? 'സ്കൂളുകളുടെ മാനേജ്മെൻറ് ബോർഡുകളിൽ എസ്കിമോകളെ അംഗങ്ങളാക്കുക' എന്നതാണ് ഒരു ഔദ്യോഗികനിർദേശം. അങ്ങനെ നിർദേശിച്ച വ്യക്തി യൂറോപ്യനാണ്!

എസ്കിമോ കേന്ദ്രസംഘടനയുടെ (സർകം പോളാർ കോൺഫറൻസിൻെറ) അദ്ധ്യക്ഷൻ ഒരു ഗ്രീൻലാൻഡ്കാരനാണ്. സംഘടനയുടെ ഫ്രോബിഷർബേ സമ്മേളനത്തിനു വേണ്ടി പണം ചെലവഴിച്ചതു് കാനഡ ഗവൺമെൻറായിരുന്നു. സൈബീരിയൻ എസ്കിമോകളെ ഈ സമ്മേളനത്തിലേക്കു ക്ഷണിക്കുകയുണ്ടായെങ്കിലും, അവിടെ രാഷ്ട്രീയ ചർച്ചകൾ നടക്കുമെന്ന കാരണത്താൽ പ്രതിനിധികളെ അങ്ങോട്ടയയ്ക്കാൻ സോവ്യററ് ഗവൺമെൻറ് വിസമ്മതിക്കുകയാണത്രേ ഉണ്ടായതു്.

അമേരിക്കയിൽനിന്നും കാനഡയിൽനിന്നും ഡെന്മാർക്കിൽനിന്നും സോവ്യററ് യൂണിയനിൽനിന്നും വിട്ടു സ്വന്തമായ ഒരു സ്റ്റേററ് എസ്കിമോകൾ സ്ഥാപിക്കുന്ന കാര്യം സമ്മേളനത്തിൽ ചർച്ചചെയ്യുകയുണ്ടായില്ല. എങ്കിലും ധ്രുവപ്രദേശത്തിലാകെ ഒരു പുതിയ 'എസ്കിമോ ദേശീയബോധം' വേരുപിടിച്ചു വളരുന്നുണ്ടെന്നു സമ്മേളനാദ്ധ്യക്ഷൻ പ്രസ്താവിച്ചു.

'പാശ്ചാത്യർ ഞങ്ങളെ അടിമകളാക്കി ക്രിസ്തുമതത്തിൽ ചേർക്കും മുമ്പു ഞങ്ങൾ ഇവിടെ സ്വതന്ത്രരായി പാർക്കുകയായിരുന്നു.' അതു പറഞ്ഞതു് ഗ്രീൻലാൻഡുകാരനായ ഒരു എസ്കിമോ ആണ്. അദ്ദേഹം തുടർന്നു: 'വിഭവങ്ങൾ ചൂഷണംചെയ്യാനാണു തെക്കുഭാഗത്തുള്ള ജനങ്ങൾ (യൂറോപ്യർ) ഉത്തരധ്രുവപ്രദേശത്തേക്കു വന്നതു്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സന്തുലനം ഇവിടെ നിലനിർത്തിവരുന്നതു ഞങ്ങളാണെന്നു് അവർ ഓർക്കണം.'

ഡന്മാർക്കിൻെറ ഒരു സംസ്ഥാനമായ ഗ്രീൻലാൻഡിലെ എസ്കിമോകൾക്കു് 1979–ാമാണ്ടു മുതൽ സ്വയംഭരണമുണ്ട്. രാഷ്ട്രീയാധികാരം നേടിക്കഴിഞ്ഞ അവർ സാമ്പത്തികാധികാരവും നേടാൻ തങ്ങൾക്കു കഴി

യുമെന്നു പ്രതീക്ഷിക്കുന്നു. അലാസ്കയിൽ വൻതോതിൽ എണ്ണയും ഗ്യാസും കണ്ടെത്തിയതോടെ, അവിടത്തെ ഭൂവുടമകളായിരുന്ന എസ്കിമോകൾ പെട്ടെന്നു പണക്കാരായി. സാമ്പത്തികസ്വാതന്ത്ര്യം ഉപയോഗപ്പെടുത്തി രാഷ്ട്രീയസ്വാതന്ത്ര്യം നേടാമെന്ന് അവരും പ്രതീക്ഷിക്കുന്നുണ്ട്. കാനഡയിലെ എസ്കിമോകളുടെ സ്ഥിതിയാണു പരിതാപകരം. അവർ സാമ്പത്തികമായും രാഷ്ട്രീയമായും വളരെ പിൻനിലയിലാണ്. സൈബീരിയയിലെ എസ്കിമോകളാണെങ്കിൽ, എസ്കിമോ ജനതയുടെ മുഖ്യപ്രവാഹത്തിൽനിന്നു തികച്ചും ഒററപ്പെട്ടു കിടക്കുകയും ചെയ്യുന്നു.

ഉത്തരധ്രുവപ്രദേശത്ത് ഒരു ഏകീകൃത എസ്കിമോ ദേശീയരാഷ്ട്രം ഉദയം കൊള്ളുമോ?

യുദ്ധവിപത്ത് ഒഴിഞ്ഞുപോവുകയും, ജനതകൾ സൗഹാർദത്തോടെ സഹവർത്തിക്കുകയുംചെയ്യുമെങ്കിൽ എക്സിമോജനത ഏതാനും ദശാബ്ദങ്ങൾക്കകം ഐക്യവും രാഷ്ട്രീയസ്വാതന്ത്ര്യവും നേടിക്കൂടെന്നില്ല.

(16 സെപ്റ്റംബർ, 1983)

# 68. റോമകൾ

പഞ്ചാബ്, ഹരിയാന എന്നീ രണ്ടു സംസ്ഥാനങ്ങളുടെ സംയുക്ത—തലസ്ഥാനമാണു ചണ്ഡീഗഢ്. ഇന്ത്യ—പാക്കിസ്ഥാൻ വിഭജനത്തെത്തുടർന്ന്, പാക്കിസ്ഥാനിൽ ചേർന്ന പടിഞ്ഞാറൻ പഞ്ചാബ് വിട്ട് ഓടിപ്പോന്ന വിസ്ഥാപിതരുടെ പുനരധിവാസത്തിനുവേണ്ടി, ജവാഹർലാൽ നെഹ്റുവിൻെറ നിർദേശപ്രകാരം, കോർബൂസിയേ എന്ന ഫ്രഞ്ച് ശില്പി നിർമിച്ച, തികച്ചും ആധുനികരീതിയിൽ ആസൂത്രിതമായ, ഈ നഗരം പഞ്ചാബിനു മാത്രമായി വിട്ടുകിട്ടണമെന്നതാണ് പഞ്ചാബിൽ അക്രമാസക്തമായി നടന്നുവരുന്ന അകാലിപ്രക്ഷോഭണത്തിൻെറ അടിസ്ഥാനാവശ്യങ്ങളിൽ ഒന്ന്.

ആഭ്യന്തരകലഹംകൊണ്ട് അസ്വസ്ഥമായ ചണ്ഡീഗഢിൽ സ്മരണീയമായ ഒരു അന്താരാഷ്ട്രീയ കലോത്സവം ഈയിടെ നടന്നു. ഒക്ടോബർ 29—ാം തീയതി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഉദ്ഘാടനം ചെയ്തതും മൂന്നു ദിവസം നീണ്ടുനിന്നതുമായ അന്താരാഷ്ട്രീയ—റോമ—കലോത്സവമാണ് ഇവിടെ വിവക്ഷിതം.

'റോമകൾ' എന്ന പേർ ഇന്ത്യയിൽ പലർക്കും പരിചിതമായിരിക്കയില്ല. 'ജിപ്സികൾ' എന്ന പേരിലാണ് ഈ ജനവിഭാഗം അധികമായും അറിയപ്പെടുന്നത്. ഫ്രാൻസിൽ അവർ 'മാനുഷ്' എന്നും, സ്പെയിനിൽ 'ഗിട്ടാനോ' എന്നും, ജർമനിയിൽ 'സിന്തി' (സിന്ധ്, ഹിന്ദ്) എന്നും, റഷ്യയിൽ മുഗ്ഗുനി (മുഗത്താനി) എന്നും അറിയപ്പെടുന്നു. അവരുടെ മാതൃഭാഷ 'റോമനി' ആണ്. തങ്ങളെ 'റോമകൾ' എന്നു വിളിക്കാനാണ് അവർ ഇഷ്ടപ്പെടുന്നത്. നൂററാണ്ടുകൾക്കുമുമ്പ് നാടോടികളായി വന്നെത്തിയ ഇവരെ ഈജിപ്റ്റുകാർ എന്നു തെററിദ്ധരിച്ച യൂറോപ്യന്മാർ ഇവർക്കു നൽകിയ പേരാണ് 'ജിപ്സികൾ' എന്നത്. യൂറോപ്പിലെ പല രാജ്യങ്ങളിലുമായി ഇപ്പോൾ ഒന്നര കോടിയോളം റോമകൾ പാർത്തുവരുന്നു. യഹൂദന്മാർക്കു പാലസ്തീനിൽ ഒരു ദേശീയരാഷ്ട്രം (ഇസ്രായേൽ) സ്ഥാപിക്കപ്പെട്ടതുപോലെ, തങ്ങൾക്ക് ഒരു ദേശീയരാഷ്ട്രം (റോമനി